ഉത്തരം

(എ) ഉണ്ട്.

(ബി) 1999 സെപ്തംബർ 30 വരെയുള്ള കണക്കനുസരിച്ച് കേരളത്തിലെ വായ്പ തമിഴ്നാടിനെ അപേക്ഷിച്ച് 20,041 കോടി രൂപയും, കർണ്ണാടകത്തെ അപേക്ഷിച്ച് 10,128 കോടി രൂപയും കുറവാണ്. 30.9.1999-ൽ കേരളത്തിലെ മൊത്തം വായ്പ 8,859 കോടി രൂപയും തമിഴ്നാട്ടിലേത് 28,900 കോടി രൂപയും കർണ്ണാടകത്തിലേത് 18,987 കോടി രൂപയുമായിരുന്നു.

പെൻഷൻ കണക്കാക്കുന്നതിൽ വന്നിട്ടുള്ള അപാകത

24 (1847) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽനിന്നും 1.1.86 നും 1.7.88 നും ഇടയ്ക്ക് റിട്ടയർ ചെയ്ത പെൻഷൻകാരുടെ പെൻഷൻ കണക്കാക്കുന്നതിൽ വന്നിട്ടുള്ള അപാകത പരിഹരിക്കണം എന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിലുണ്ടായിരിക്കുന്ന അപാകത എന്തെന്നും ഇത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് കേരള ഹൈക്കോടതിയുടെ എന്തെങ്കിലും വിധിയുണ്ടായിട്ടുണ്ടോ; എങ്കിൽ വിധി എന്തായിരിന്നുവെന്നും അതിൻമേൽ എന്തു തീരുമാനം കൈകൊണ്ടുവെന്നും വ്യക്തമാക്കുമോ;

(സി) സർവ്വീസ് പെൻഷൻകാരുടെ പ്രശ്നം സംബന്ധിച്ച പരാതി പരിഹരിക്കുവാൻ നടപടിയുണ്ടാകുമോ?

ഉത്തരം

(എ) ഉണ്ട്. 1.7.88 മുതൽ ശമ്പളത്തിൽ ലയിപ്പിച്ച 608 പോയിന്റ് ക്ഷാമബത്ത 1.1.86 മുതൽ ലയിപ്പിച്ചതായി കണക്കാക്കി പെൻഷൻ പുനർ നിർണ്ണയം ചെയ്യണമെന്നതാണ് അപാകതയായി ഉന്നയിക്കുന്നത്. ചട്ടങ്ങൾ അനുസരിച്ച് വാങ്ങിക്കൊണ്ടിരുന്ന യഥാർത്ഥ ശമ്പളത്തിന്റെ അടിസ്ഥാനത്തിലാണ് പെൻഷൻ കണക്കാക്കുക. അതിനാൽ നിയമദൃഷ്ടിയിൽ അപാകതയില്ല.

(ബി) ഉണ്ട്. 1.1.86 നും 1.7.88 നും ഇടയ്ക്ക് റിട്ടയർ ചെയ്തവരുടെ കാര്യത്തിൽ അവർക്ക് ലഭിക്കേണ്ട പരിഷ്കരിച്ച ശമ്പളം നിർണ്ണയിച്ച ശേഷം പെൻഷൻ പരിഷ്കരിക്കണമെന്നും ആയതിന് വ്യക്തിഗത നിവേദനം സമർപ്പിക്കണമെന്നുമായിരുന്നു വിധി. 4-ാം കേന്ദ്ര ശമ്പള പരിഷ്കരണത്തിന്റെയും 5-ാം സംസ്ഥാന ശമ്പള പരിഷ്കരണത്തിന്റെയും അടിസ്ഥാനത്തിൽ വിശദമായ പരിശോധനകൾക്കുശേഷമാണ് സംസ്ഥാനത്തെ സർവ്വീസ് പെൻഷൻകാരുടെ പെൻഷൻ പരിഷ്കരിച്ചുകൊണ്ട് ബന്ധപ്പെട്ട ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പെൻഷൻ പുനർ നിർണ്ണയം നടത്തിയാൽ വമ്പിച്ച സാമ്പത്തിക ബാധ്യതയും മറ്റ് പ്രത്യാഘാതങ്ങളുമുണ്ടാകുമെന്നതു കണക്കിലെടുത്ത് ടി കോടതി വിധിക്കെതിരെ സംസ്ഥാന ഗവൺമെന്റ് ഡിവിഷൻ ബഞ്ച് മുമ്പാകെ റിട്ട് അപ്പീൽ സമർപ്പിച്ചിരിക്കുകയാണ്.

(സി) ഉപചോദ്യം 'എ' യിൽ ഉന്നയിച്ച പ്രശ്നത്തിൽ അപ്പീൽ തീരുമാനമനുസരിച്ച് സർക്കാർ ഭാവി നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly